## കാർഷിക മേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിന് പദ്ധതി

**16 (*436)** ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക മേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനും പങ്കാളികളാക്കുന്നതിനുമുള്ള ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ ;

(ബി) അത്തരമൊരു പദ്ധതി നിലവിലില്ലെങ്കിൽ അതിനുള്ള പദ്ധതി ആവിഷ്കരിച്ച് അതുപ്രകാരം ഉല്പാദിപ്പിക്കുന്ന വിഭവങ്ങൾ കയറ്റുമതി ചെയ്യുന്ന സംവിധാനംകൂടി ഏർപ്പെടുത്തി പദ്ധതി ആകർഷകമാക്കാനും കൂടുതൽ ചെറുപ്പക്കാരെ പദ്ധതിയിൽ പങ്കാളികളാക്കാനും നടപടി സ്വീകരിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്.

1. പോളിഹൗസ് കൃഷിരീതി (Hi-Tech Agriculture)

2012-13 വർഷം മുതൽ കൃഷി വകുപ്പ് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന പോളീഹൗസ് കൃഷിക്ക് ധനസഹായം നൽകിവരുന്നു. ചുരുങ്ങിയ വിസ്തൃതിയിൽനിന്നും പരമാവധി ഉല്പാദനം ലഭ്യമാക്കുക എന്നതാണ് ഹൈടെക് കൃഷിരീതി കൊണ്ടുദ്ദേശിക്കുന്നത്. 400 മുതൽ 4000 sqm വരെ വിസ്തീർണ്ണമുള്ള പോളീഹൗസുകൾക്ക് 75 ശതമാനം വരെ ധനസഹായം നൽകിവരുന്നു. പഴം, പച്ചക്കറി, പുഷ്പകൃഷി എന്നിവയ്ക്കാണ് പോളീഹൗസ് കൃഷി അവലംബിക്കുന്നത്. ഹൈടെക് കൃഷിയിലൂടെ വിദ്യാസമ്പന്നരായ 930 യുവാക്കളെ കാർഷിക മേഖലയിലേക്ക് കൂടുതൽ ആകർഷിക്കാൻ സാധിച്ചിട്ടുണ്ട്.

2. അഗ്രോ സർവ്വീസ് സെന്റർ.

കൃഷി ലാഭകരമാക്കുന്നതിന് ആവശ്യം വേണ്ട ഉപാധികളായ നടീൽ വസ്തുക്കൾ, വളങ്ങൾ, ജൈവരാസകീടനാശിനികൾ, തൊഴിലാളികൾ എന്നിവയുടെ ലഭ്യത ഒരു കുടക്കീഴിലാക്കി കർഷകരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ കൃഷിവകുപ്പ് നടപ്പിലാക്കിയ സ്ഥാപനങ്ങളാണ് കാർഷിക സേവന കേന്ദ്രങ്ങൾ അഥവാ അഗ്രോ

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസ് സെന്ററുകൾ. 14 ജില്ലകളിലായി 50 കേന്ദ്രങ്ങൾ ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്. യുവാക്കൾക്ക് കാർഷിക മേഖലയിൽ പരമാവധി തൊഴിൽ സാദ്ധ്യത ഉറപ്പാക്കാൻ ഇതിലൂടെ കഴിയുന്നു. നിലവിൽ 750-ൽപ്പരം പേർ അംഗങ്ങളായി പ്രവർത്തിച്ചുവരുന്നു.

3. കർഷിക കർമ്മസേന

കർഷകർക്ക് യഥാസമയം കുറഞ്ഞ ചെലവിൽ മികച്ച സേവനം, ശാസ്ത്രീയമായ കൃഷിപ്പണികൾ എന്നിവ യന്ത്രവത്കരണത്തിലൂടെ ചെയ്ത് കൊടുക്കുന്നതിന് പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച പരിശീലനംസിദ്ധിച്ച തൊഴിലാളികൾ അടങ്ങുന്ന ഒരു സംവിധാനമാണ് കാർഷിക കർമ്മസേന. തെരഞ്ഞെടുക്കപ്പെട്ട 200 പഞ്ചായത്തുകളിൽ കാർഷിക കർമ്മസേന രൂപീകരിച്ചിട്ടുണ്ട്. 18 വയസ്സ് തികഞ്ഞ കാർഷികവൃത്തി ചെയ്യാൻ താല്പര്യമുള്ള യുവതീയുവാക്കളെ കർമ്മസേനയിൽ അംഗങ്ങളാക്കുന്നു. ഓരോ കർമ്മസേനയ്ക്കും ആവശ്യമായ യന്ത്രസാമഗ്രികൾ, അംഗങ്ങൾക്ക് വേണ്ട പരിശീലനം എന്നിവ കൃഷിവകുപ്പ് നൽകിവരുന്നു. പദ്ധതി യുവാക്കൾക്ക് കൂടുതൽ തൊഴിലവസരം നൽകാൻ ഉപകരിക്കുന്നു.

4. എ.സി.എ.ബി.സി (അഗ്രി ക്ലിനിക്ക് ആന്റ് ബിസിനസ് സെന്റർ)

കാർഷിക ബിരുദധാരികളായ യുവാക്കൾക്ക് സ്വയം സംരംഭകരായി തൊഴിലധിഷ്ഠിത സേവനം ചെയ്യുന്നതുവഴി കർഷകരുടെയും നാടിന്റെയും കാർഷിക പുരോഗതി ലക്ഷ്യമിടുന്ന ഈ കേന്ദ്ര ഗവൺമെന്റ് പദ്ധതി കാർഷിക അനുബന്ധ മേഖലകളിൽ വിജയകരമായി നടപ്പാക്കിവരുന്നു.

(ബി) മേൽപ്പറഞ്ഞ പദ്ധതികൾ നിലവിൽ നടപ്പിലാക്കുന്നതുവഴി അധികമായി ഉല്പാദിപ്പിക്കപ്പെടുന്ന വിഭവങ്ങൾ പഞ്ചായത്ത് തലത്തിൽ പ്രാദേശിക വിപണികളിലൂടെ വിറ്റഴിക്കപ്പെടുന്നുണ്ട്. അധിക ഉല്പാദനം ആവശ്യങ്ങൾക്ക് അനുസൃതമായി കയറ്റുമതി ചെയ്യുന്നതാണ്.

## റിയൽ എസ്റ്റേറ്റ് രംഗത്തെ തട്ടിപ്പ് തടയാൻ നിയമനിർമ്മാണം

17 (*437) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിയൽ എസ്റ്റേറ്റ് രംഗത്തെ തട്ടിപ്പ് തടയാൻ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly